പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 37 11.12.2012 ലെ മറുപടിക്ക്

## റയിൽവേ ആവശ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം. ഷാജി:<br>,, വി.എം. ഉമ്മർ മാസ്റ്റർ:<br>,, എൻ. ഷംസുദ്ദീൻ:<br>,, അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്രത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അതിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) യും (സി) യും | 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ 2004-2005 മുതലുള്ള റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ റയിൽവേ വികസനവുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങളിൽ നടപ്പിലാക്കാത്തവ നടപ്പിലാക്കാനാവശ്യമായ വകയിരുത്തലുകൾക്കൊപ്പം, 2013-14 ൽ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾക്കും പണികൾക്കും കേരളത്തിൽ നിന്നുമുള്ള ബഹു. കേന്ദ്രമന്ത്രിമാർ, എം.പിമാർ എന്നിവരുടെ അഭിപ്രായാനുസരണം 2013-14 ൽ നടപ്പിലാക്കേണ്ട മറ്റ് പ്രധാന ആവശ്യങ്ങൾക്കും ഉള്ള വകയിരുത്തലുകളും വേണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതുവരെ പ്രഖ്യാപിക്കപ്പെട്ടവയിൽ പ്രധാനമായും പാലക്കാട് കോച്ച് ഫാക്ടറി, ആട്ടോകാസ്റ്റ്, സിൽക്ക് എന്നിവയുമായി ചേർത്തലയിൽ റയിൽവേയുടെ കൂട്ടുസംരംഭം, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, പെനിൻസുലാർ |
| (സി) | അടുത്ത റയിൽവേ ബജറ്റിൽ സംസ്ഥാനത്തിന് അർഹമായ പ്രാതിനിധ്യം ലഭിക്കുംവിധം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| | | | റയിൽവേസോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക്ക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, എറണാകുളം, പാലക്കാട്, കാസറഗോഡ്, മാവേലിക്കര തിരുവനന്തപുരം എന്നിവിടങ്ങളിൽ മൾട്ടി ഫംക്ഷണൽ കോംപ്ലക്സുകൾ, റയിൽ യാത്രി സേവക് സംവിധാനം, ആദർശ് സ്റ്റേഷനുകൾ, പാലക്കാട് കോൺക്രീറ്റ് സ്ലീപ്പർ പ്ലാന്റ്, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, ഹൈസ്പീഡ് റയിൽ കോറിഡോർ, പുതിയ ട്രെയിനുകൾ, പി.ആർ.എസും ടിക്കറ്റ് കൗണ്ടറുകളും, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, യാത്രക്കാരുടെ സുരക്ഷ, ആളില്ലാ ലവൽ ക്രോസിംഗുകളിൽ ആളെ നിയമിക്കുന്നത് തുടങ്ങിയവയും, കൂടാതെ കോട്ടയം റയിൽവേ സ്റ്റേഷനിലെ ഗുഡ്സ്യാർഡ് ഏറ്റുമാനൂരേക്ക് മാറ്റുന്നതും, നെടുമ്പാശ്ശേരി, കണ്ണൂർ, കണ്ണൂർ സൗത്ത്, ചിറക്കൽ, വളപട്ടണം |

| | | | |
|---|---|---|---|
| | | | ധർമ്മടം, പാപ്പിനിശ്ശേരി, ഇടക്കാട്, ഷൊർണൂർ, കാസറഗോഡ്, കാഞ്ഞങ്ങാട്, ചെറുവത്തൂർ,നീലേശ്വരം,കോട്ടിക്കുളം, പയ ങ്ങാടി, കണ്ണപുരം, മഞ്ചേശ്വരം, പയ്യന്നൂർ, ബേക്കൽ ഫോർട്ട്, തൃക്കരിപ്പൂർ, ഏഴിമല, വടക്കാഞ്ചേരി, മുളംകുന്നത്ത്കാവ്, വില്ലിംഗ്ഡൻ ഐലന്റ്, കുമ്പളം, മുളന്തുരുത്തി, കാഞ്ഞിരമറ്റം, പിറവം, വൈയ്ക്കം, കുറുപ്പന്തറ, ഏറ്റുമാനൂർ, ചിങ്ങവനം,കോട്ടയം, പത്തനാപുരം ചാലക്കുടി, കൊരട്ടിഅങ്ങാടി, നേമം എന്നീ റയിൽവേ സ്റ്റേഷനുകളിൽ യാത്രക്കാർക്ക് ആവശ്യമായതും ട്രെയിൻ സർവ്വീസുകൾക്ക് ആവശ്യമായതുമായ വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും പുതിയ ട്രെയിനുകൾ, നിലവിലുള്ളവയെ ദീർഘിപ്പിക്കൽ, ആവർത്തനം വർദ്ധിപ്പിക്കൽ, സ്റ്റോപ്പുകൾ, അധിക കോച്ചുകൾ, ഡൽഹി മുംബൈ കേരള ഹൗസുകളിൽ പി.ആർ.എസ്. സംവിധാനം, ഡൽഹി, മുംബൈ തുടങ്ങിയ നഗരങ്ങളിലേക്ക് പുതിയ ട്രെയിനുകൾ, നിലവിലുള്ള ട്രെയിനുകളുടെ ആവർത്തനം വർദ്ധിപ്പിക്കൽ, വടക്കാഞ്ചേരി റയിൽവേ സ്റ്റേഷനിൽ കൃഷിക്കാർക്കായി പാഴ്സൽ ബുക്കിംഗ് തുടങ്ങിയവയാണ് നിവേദനത്തിലുന്നയിച്ചിരിക്കുന്ന പ്രധാന ആവശ്യങ്ങൾ. |
| (ഡി) | സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും യാത്ര തുടങ്ങുന്ന ട്രെയിനുകൾ അന്യസംസ്ഥാനങ്ങളിലേക്ക് | (ഡി) | മാവേലി എക്സ്പ്രസ്സ്, മംഗലാപുരം എക്സ്പ്രസ് തുടങ്ങി കേരളത്തിന് മാത്രമായുള്ള ട്രെയിനുകൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് നീട്ടുന്നത് |

| | | | |
|---|---|---|---|
| | നീട്ടുമ്പോൾ കേരളത്തിനുള്ള സീറ്റ് ക്വാട്ട കുറയാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | സംസ്ഥാനത്തിനായുള്ള റിസർവേഷൻ ക്വാട്ട വളരെയധികം കുറയുന്നതിനു കാരണമാക്കുമെന്നും യാത്രാക്കാർക്ക് അത് മൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി അത്തരത്തിലുള്ളനീക്കങ്ങൾ പിൻവലിക്കേണ്ടതാണെന്നും ടി നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ